# സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ നടപടിക്രമങ്ങൾ

# (സാന്നിദ്ധ്യം: V.S. വേണു)

വിഷയം : സാമൂഹ്യനീതി വകുപ്പ്- ഐസിഡിഎസ് മിഷൻ-ജില്ലാതല പ്രതിമാസ അവലോകന യോഗ ചിലവുകൾ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവാകുന്നു

പരാമർശം: 1) ഈ കാര്യാലയത്തിലെ 2.4.2011 ലെ ഉത്തരവ് നം. ICDS B1/38870/10

2) 2.5.2017 ന് തിരു. കൂടിയ ജില്ലാതല പ്രോഗ്രാം ഓഫീസർമാരുടെ യോഗത്തിലെ തീരുമാനം.

## ഉത്തരവ് നം. ICDS B1-5976/17 തീയതി : 10.10.2017

സംയോജിത ശിശുവികസനപദ്ധതിയിൻകീഴിൽ ഓരോ ജില്ലയിലും നടത്തുന്ന സൂപ്പർവൈസർമാരുടെയും ശിശുവികസനപദ്ധതി ഓഫീസർമാരുടെയും സംയുക്ത ത്രൈമാസ അവലോകന യോഗങ്ങൾക്ക് ഹാൾ, കസേര, PA സിസ്റ്റം എന്നിവ സൗജന്യമായി ലഭ്യമാകാത്ത സാഹചര്യത്തിൽ മാത്രം ഹാൾ വാടകയിനത്തിൽ 1000/- രൂപയും PA സിസ്റ്റത്തിന് 500/- രൂപയും പ്രകാരം ചെലവഴിക്കുന്നതിനും പ്രതിമാസ യോഗങ്ങളിലും ത്രൈമാസയോഗങ്ങളിലും പങ്കെടുക്കുന്ന ശിശുവികസനപദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് ഉച്ചഭക്ഷണം, ചായ, സ്നാക്സ് എന്നിവയ്ക്കായി ഒരാൾക്ക് 60/- രൂപ നിരക്കിലും തുക ചെലവഴിക്കുന്നതിന് ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും പ്രോജക്ട് തലത്തിൽ നടത്തുന്ന പ്രതിമാസയോഗങ്ങൾക്ക് ഹാൾ, PA സിസ്റ്റം എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ ആവശ്യമെങ്കിൽ മാത്രം ഹാൾ വാടകയിനത്തിൽ 1000/- രൂപ നിരക്കിലും PA സിസ്റ്റത്തിന് 500/- രൂപനിരക്കിലും (പരമാവധി രണ്ട് പ്രാവശ്യം) തുക ചിലവഴിക്കുന്നതിനും ശിശുവികസനപദ്ധതി ഓഫീസർമാർക്കും അനുമതി നൽകി മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

മേൽ പരാമർശം (2) ലെ ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെ അവലോകനയോഗ തീരുമാനപ്രകാരം ജില്ലാതല പ്രതിമാസ അവലോകന യോഗത്തിനായി അനുവദിക്കുന്ന തുക 60/- രൂപയിൽ നിന്നും 120/- രൂപയായും സൂപ്പർവൈസർമാരേയും സിഡിപിഒ മാരേയും ഉൾപ്പെടുത്തി നടത്തുന്ന ത്രൈമാസ അവലോകനയോഗത്തിലേക്ക് ഹാൾ, PA സിസ്റ്റം എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ ഹാൾ വാടകയിനത്തിൽ 2000/- രൂപ അനുവദിക്കുവാനും തീരുമാനിച്ചിരിക്കുന്നു.

സംയോജിത ശിശുവികസനപദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമമായ നടത്തിപ്പിനും മേൽനോട്ടത്തിനായി ജില്ലാതലത്തിൽ നടത്തുന്ന സംയുക്ത ത്രൈമാസ അവലോകനയോഗ ചിലവും, പ്രോജക്ട്തലത്തിലെ പ്രതിമാസയോഗങ്ങൾക്കും ത്രൈമാസയോഗങ്ങളിലും പങ്കെടുക്കുന്നവർക്കുള്ള റിഫ്രഷ് മെന്റ് ചാർജ്ജും കാലോചിതമായി പരിഷ് കരിക്കേണ്ടത്

അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ജില്ലാതലത്തിൽ നടത്തുന്ന സൂപ്പർവൈസർമാരുടെയും സിഡിപിഒ മാരുടെയും പ്രതിമാസ യോഗങ്ങൾക്കും സംയുക്ത ത്രൈമാസയോഗങ്ങൾക്കും ഹാൾ, കസേര, PA സിസ്റ്റം എന്നിവ സൗജന്യമായി ലഭ്യമാകാത്ത സാഹചര്യത്തിൽ മാത്രം ഹാൾ വാടകയിനത്തിലും PA സിസ്റ്റത്തിനുമായി ചുവടെപറയും പ്രകാരം പുതുക്കിയ നിരക്കിൽ തുക ചെലഴിക്കുന്നതിനും പ്രതിമാസയോഗങ്ങളിലും ത്രൈമാസയോഗങ്ങളിലും പങ്കെടുക്കുന്ന സിഡിപിഒമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് ഉച്ചഭക്ഷണം , ചായ, സ്നാക്സ് എന്നിവയ്ക്കായി ഒരാൾക്ക് 120/- രൂപ നിരക്കിലും തുക ചിലവഴിക്കുന്നതിന് ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും പ്രോജക്ട്തലത്തിൽ നടത്തുന്ന പ്രതിമാസയോഗങ്ങൾക്ക് ഹാൾ, PA സിസ്റ്റം എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ ആവശ്യമെങ്കിൽ മാത്രം ചുവടെ പറയും പ്രകാരം പുതുക്കിയ നിരക്കിലും ( പരമാവധി രണ്ടു പ്രാവശ്യം) തുക ചിലവഴിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്കും അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | വിശദാംശങ്ങൾ | പഴയനിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1. | ജില്ലാതല പ്രതിമാസ,സംയുക്ത ത്രൈമാസ യോഗം, (ഹാൾ, PA സിസ്റ്റം എന്നിവ സൗജന്യമായി ലഭ്യമാകാത്ത സാഹചര്യത്തിൽ മാത്രം) | ഹാൾ വാടക- 1000<br>PA സിസ്റ്റം-500<br>ഉച്ചഭക്ഷണം , ചായ, സ്നാക്സ് – 60/- | ഹാൾ വാടക- 2000<br>PA സിസ്റ്റം-500<br>ഉച്ചഭക്ഷണം , ചായ, സ്നാക്സ് – 120/- |
| 2. | പ്രോജക്ട്തല പ്രതിമാസയോഗം (ഹാൾ, PA സിസ്റ്റം എന്നിവ സൗജന്യമായി ലഭ്യമാകാത്ത സാഹചര്യത്തിൽ മാത്രം) | ഹാൾ വാടക- 1000<br>PA സിസ്റ്റം-500<br>(പരമാവധി രണ്ട് തവണ മാത്രം) | ഹാൾ വാടക- 2000<br>PA സിസ്റ്റം-500 |

ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക 2235-02-102- 47 ( P) 34 OC ശീർഷകത്തിലെ ഐ.ഇ.സി. വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഒപ്പ്)

**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ**

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. സൂപ്രണ്ട് എ സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

**സൂപ്രണ്ട്**

ST/-